# Joint Press Release on the occasion of 7th India-Suriname Joint Commission Meeting

December 02, 2020

---

### 7 മത് ഇന്ത്യ -സൂരിനാംജോയിന്റ് കമ്മീഷൻ മീറ്റിംഗിനോടനുബന്ധിച്ചുള്ള സംയുക്ത പത്ര പ്രസ്താവന

ഡിസംബർ 02, 2020

2020 ഡിസംബർ 2 ന് വിർച്ചലായി നടന്ന 7 മത് ഇന്ത്യ -സുരിനാം ജോയിന്റ് കമ്മീഷൻ മീറ്റിംഗിൽ (JCM) ഇന്ത്യയുടെ സഹ വിദേശകാര്യമന്ത്രി ശ്രീ.വി മുരളീധരൻ, സുരിനാം റിപ്പബ്ലിക്കിലെ അന്തരാഷ്ട്ര വ്യവസായ സഹകരണമന്ത്രി അംബാസിഡർ ആൽബർട്ട്.ആർ. റാംദിൻ എന്നിവർ സംയുക്തമായി അധ്യക്ഷത വഹിച്ചു. ഇന്ത്യ -സുരിനാം സൗഹൃസത്തിന്റെ പശ്ചാത്തലത്തിൽ ഊഷ്മളമായ പരിസ്ഥിതിയിലാണ് ചർച്ചകൾ നടന്നത്.

2. രാഷ്ട്രീയ ചർച്ചകൾ, ഉഭയകക്ഷി ബന്ധനകളുടെ അവലോകനം കൂടാതെ പ്രാദേശിക ബഹുരാഷ്ട്ര സഹകരണം എന്നീ മേഖലകൾ ശക്തിപ്പെടുത്തുന്നതിന് ഈ സംവിധാനത്തിന്റെ പ്രാധാന്യം ഇരു മന്ത്രിമാരും ചൂണ്ടിക്കാണിച്ചു.

3. ഇന്ത്യ സുരിനാം ബന്ധങ്ങളിലെ ശക്തമായ സാംസ്കാരികവും ചരിത്രപരവുമായ ബന്ധങ്ങളും, സൗഹാർദം, ഉയർന്ന നിലയിലുള്ള പരസ്പര അവബോധം കൂടാതെ വ്യത്യസ്ത വിഷയങ്ങളിലെ നിലപാടുകയിൽ ഉള്ള സാമ്യം എന്നിങ്ങനെയുള്ള സവിശേഷതകൾ ഇരു വിഭാഗങ്ങളും സംതൃപ്തിയോടെ നിരീക്ഷിച്ചു. മറ്റുള്ളവയ്ക്കൊപ്പം തന്നെ ക്രിയാത്മകമായ വ്യവസായങ്ങൾ, ആരോഗ്യം , പരമ്പരാഗത ചികിത്സ രീതികൾ, കൃഷി ,ഖനനം, ഊർജം, പ്രതിരോധം, സംസ്കാരവും & വിദ്യാഭയസവും , ഭരണസഹകരണം കൂടാതെ വ്യക്തിഗത ബന്ധങ്ങളുടെ ശാക്തീകരണം എന്നീ മേഖകളിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള ലക്ഷ്യത്തോടെ വ്യവസായ& നിക്ഷേപ മേഖലകളിൽ ഉഭയകക്ഷി ബന്ധങ്ങളിൽ പുതിയ ആവേഗം കൊണ്ടുവരുന്നതിന് മന്ത്രിമാർ അനുകൂലിച്ചു.

4. ആനുകൂല്യങ്ങൾ ലഭ്യമാകുന്ന തരത്തിലുള്ള രീതികളിൽ, ലൈൻ ഓഫ് ക്രെഡിറ്റുകൾ ഉൾപ്പടെ, സൗത്ത് -സൗത്ത് സഹകരണത്തിൽ വികസന പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതിന്റെ പ്രാധാന്യം ഇരു നേതാക്കളും അംഗീകരിച്ചു.പവർ ജനറേഷൻ, ട്രാൻസ്മിഷൻ നെറ്റ് വർക്ക്, പൊതുവിതരണം, ജലവിതരണം എന്നിങ്ങനെ വിവിധ മേഖലകൾ ഇന്ത്യയുടെ സുരിനാമുമായുള്ള വികസന പങ്കാളിത്തത്തിൽ ഉൾപെടുന്നുവെന്നു അവർ നിരീക്ഷിച്ചു. ഊർജ സംരക്ഷണം, ഊർജക്ഷമത കൂടാതെ സുരിനാം ഊർജ സങ്കലനം എന്നിവയിലേക്ക് സംഭാവന ചെയ്യുന്നതരത്തിൽ ആസൂത്രിതമായ പ്രോജക്ടുകളുടെ വേഗത്തിലുള്ള ആവിഷ്കാരത്തിനായി അവർ പ്രതീക്ഷിക്കുന്നു.

5. ഐക്യരാഷ്ട്ര സഭ സുരക്ഷാ കൗൺസിൽ നവീകരണം ഉൾപ്പടെയുള്ള അന്താരാഷ്ട്ര ഫോറമുകളിൽ പരസ്പരം പിന്തുണ നൽകുന്നതിനുള്ള പ്രതിബദ്ധതയും മന്ത്രിമാർ ആവർത്തിച്ചു.

6. ദ്വിഭക്ഷി ബന്ധനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനു മെച്ചപ്പെടുത്തുന്നതിനുമുള്ള വിവിധ വിഷയങ്ങളിൽ ജോയിന്റ് കമ്മീഷൻ മുഖേനെ ശകാരിച്ചു പ്രവർത്തിക്കുന്നതിന് മന്ത്രിമാർ തീരുമാനിച്ചു.

7. പരസ്പരം സൗകര്യപ്രദമായ തിയ്യതിയിൽ 2022 ൽ പരമാരിബോയിൽ അടുത്ത JCM മീറ്റിംഗ് നടത്താനും ധാരണയായി.

**ന്യൂ ഡൽഹി**
**02 ഡിസംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.